25. FEB 16

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എൻജിനിയറിംഗ് വിഭാഗം - ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള അനാഥാലയ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിൽ സൂപ്പർവിഷൻ ചാർജ് ഈടാക്കുന്നത് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യു) വകുപ്പ്**

സ.ഉ.(കൈ)നം. 37/2016/തസ്വഭവ തീയതി, തിരുവനന്തപുരം, 18-02-2016.

---

പരാമർശം 1 12-09-2011-ലെ 42448/ഇ.ഡബ്ല്യു.3/2011/തസ്വഭവ. നമ്പർ സർക്കുലർ

2 സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 22-02-2014-ലെ ഒ.സി.ബി.2/999/2013 നമ്പർ കത്ത്

3 തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 23-06-2014-ലെ ഡി.ബി.6/11914/2013/സി.ഇ/തസ്വഭവ., 24-02-2015-ലെ ഡി.ബി.5/9495/2009/സി.ഇ/തസ്വഭവ. നമ്പർ കത്തുകൾ

4 01-10-2014-ലെ സ.ഉ. (സാധ) നം. 2573/2014/തസ്വഭവ. നമ്പർ ഉത്തരവ്

**ഉത്തരവ്**

മുകളിൽ ഒന്നാമതായി വായിച്ച സർക്കുലർ പ്രകാരം, തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനിയറിംഗ് വിഭാഗത്തിലെ എൻജിനിയർമാരുടെ മേൽനോട്ടത്തിൽ നടക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും, അപ്രകാരം, എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകൾക്ക് ആദ്യതവണ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ 11-11-1974 ലെ സ.ഉ.(സാധാ)നമ്പർ 1304/74/പി.ഡബ്ല്യു.ഡി പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 1.25% വരുന്ന തുക സൂപ്പർവിഷൻ ചാർജായി ഈടാക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്തിരുന്നു.

2. മുകളിൽ നാലാമതായി വായിച്ച ഉത്തരവ് പ്രകാരം, സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന അനാഥാലയ കെട്ടിടങ്ങൾക്ക് കൂടി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനിയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തിയിരുന്നു. അപ്രകാരം അനാഥാലയ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന്, എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളിൽ നിന്നും ഈടാക്കുന്ന തരത്തിൽ എസ്റ്റിമേറ്റ് തുകയുടെ 1.25% സൂപ്പർവിഷൻ ചാർജായി വകുപ്പ് ആവശ്യപ്പെടാറുണ്ടെന്ന് പരാമർശം മൂന്നിലെ കത്തുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. മേൽപ്പറഞ്ഞ പ്രകാരമുള്ള സൂപ്പർവിഷൻ ചാർജ് ഒടുക്കുന്നതിൽനിന്നും ഇളവ് നൽകണമെന്നപേക്ഷിച്ച് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. മുകളിൽ രണ്ടാമതായി വായിച്ച കത്ത് പ്രകാരം സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി, ബോർഡിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങൾക്ക് സൂപ്പർവിഷൻ ചാർജ് ഒഴിവാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ഉത്തരവുണ്ടാകണമെന്ന് അപേക്ഷിച്ചിരുന്നു.

(തുടർച്ച......2)

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനാഥാലയങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് സൂപ്പർവിഷൻ ചാർജ് ഈടാക്കേണ്ടതില്ലെന്ന് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജെയിംസ് വർഗ്ഗീസ്
ഗവ. പ്രിൻസിപ്പൽ സെക്രട്ടറി

1. ചീഫ് എൻജിനിയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
4. ഗ്രാമവികസന കമ്മീഷനർ, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
6. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
7. മെമ്പർ സെക്രട്ടറി, സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡ്, വികാസ് ഭവൻ, തിരുവനന്തപുരം.
8. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
9. സാമൂഹ്യനീതി വകുപ്പ്.
10. പൊതുമരാമത്ത് വകുപ്പ്.
11. വിവരപൊതുജനസമ്പർക്ക വകുപ്പ് (പ്രചാരണത്തിന്)
12. വെബ് ആന്റ് ന്യൂ മീഡിയ, വിവരപൊതുജനസമ്പർക്ക വകുപ്പ്.
13. പൊതുഭരണ (എസ്.സി) വകുപ്പിന് (ഇനം നമ്പർ 8262 തീയതി 10.02.2016).
14. ധനകാര്യ വകുപ്പിന് (സൂചന: ഡെവ-3/467/2015-ഫിൻ തീയതി 04.12.2015).
15. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:

1. ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
3. തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
4. സ.ഉ.(സാധാ)നം.2573/2014/തസ്വഭവ നമ്പർ തീർപ്പ ഫയലിലേക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ